പഠനസമിതികളുടെ നിർദ്ദേശങ്ങൾ

(1) മെഡിക്കൽ കോളേജുകളും മറ്റു ജില്ലാ ആശുപത്രികളിലും സൗകര്യങ്ങൾ മെച്ചപ്പെടുത്തുക.

(2) ലാബറട്ടറികളിലെ പരിശോധനാ ക്രമങ്ങൾ സ്റ്റാന്റേർഡൈസ്ഡ് ചെയ്യുക.

(3) ലെപ്റ്റോഡിസ്റ്റിക്ക് മുതലായ രോഗ നിർണ്ണയത്തിനുള്ള സൗകര്യങ്ങൾ മെഡിക്കൽ കോളേജുകളിലും ജില്ലാ ആശുപത്രികളിലും ഏർപ്പെടുത്തുക.

(4) കാലാവസ്ഥ, പരിസ്ഥിതി, രോഗസംക്രമണ രീതികൾ എന്നിവയ്ക്ക് പഠനം നടത്തുക.

(5) വീടുകളിൽ വളർത്തുന്ന മൃഗങ്ങളിൽ പഠനം നടത്തുക.

(6) സംസ്ഥാന തലത്തിൽ കൃഷിവകുപ്പും വെറ്റിനറി ഡിപ്പാർട്ടുമെന്റും ചേർന്ന് എലികളിൽ പഠനം നടത്തുക.

(7) രോഗസംക്രമണ രീതിയും മറ്റും പഠിച്ചതിനുശേഷം നിയന്ത്രണപരിപാടി ആസൂത്രണം ചെയ്യേണ്ടതാണ്.

സ്വീകരിച്ച നടപടികൾ

(1) മെഡിക്കൽ കോളേജ് ആശുപത്രികളിലേക്കും പബ്ലിക് ഹെൽത്ത് ലാബറട്ടറികളിലേയും സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് ആവശ്യമായ തുക അനുവദിച്ചിട്ടുണ്ട്.

(2) ആലപ്പുഴ, കോഴിക്കോട്, കോട്ടയം എന്നീ മൂന്നു ജില്ലകളിൽ രോഗബാധിതർ എന്നു സംശയിക്കുന്നവരുടെ രക്തം സീറോളജി പരിശോധന നടത്തുന്നതിനായി കേരള സ്റ്റേറ്റ് വൈറോളജി ഇൻസ്റ്റിറ്റ്യൂട്ടും അതാത് സ്ഥലങ്ങളിലെ മെഡിക്കൽ കോളേജുകളും ആരോഗ്യ വകുപ്പും ചേർന്ന് പഠനം നടത്തുവാൻ തീരുമാനിച്ചു.

(3) ലെപ്റ്റോഡിപ്സ്റ്റിക്ക് ടെസ്റ്റു നടത്തുവാൻ വേണ്ട സാമഗ്രികൾ മെഡിക്കൽ കോളേജുകളിൽ ലഭ്യമാക്കാൻ നടപടി സ്വീകരിച്ചു.

(4) കൃഷിവകുപ്പും, മൃഗസംരക്ഷണ വകുപ്പും, തദ്ദേശസ്വയംഭരണ വകുപ്പും എന്നിവരെ ഉൾപ്പെടുത്തി മീറ്റിംഗ് നടത്തുകയും കാലാവസ്ഥ, പരിസ്ഥിതി രോഗവാഹകരായ മൃഗങ്ങൾ, എലികൾ എന്നിവയിൽ പഠനം നടത്തുവാനും തീരുമാനിച്ചിട്ടുണ്ട്.

(5) എൻ.ഐ.സി.ഡി. യുടെ സഹകരണത്തോടുകൂടി പഠനങ്ങൾ ആധുനികരീതിയിൽ നടത്താനും തീരുമാനിച്ചിട്ടുണ്ട്.

(സി) അല്ല, രോഗാരംഭത്തിൽ തന്നെ രോഗനിർണ്ണയം നടത്തുകയും ആവശ്യമായ ചികിത്സ നടത്തുകയും ഈ രോഗത്തെക്കുറിച്ചുള്ള ബോധവൽക്കരണം നടത്തുകയും ചെയ്യുക എലിനശീകരണം, വൃത്തിഹീനമായ പരിസരങ്ങൾ ശുചിയാക്കുക, കെട്ടികിടക്കുന്ന വെള്ളം ക്ലോറിനേറ്റ് ചെയ്യുക. കുണ്ടുകുഴികൾ നികത്തുക, ശരീരത്തിൽ മുറിവുള്ളവർ പ്രത്യേകം മുൻകരുതലുകൾ എടുക്കുക തുടങ്ങിയവയാണ് പ്രധാന പ്രതിരോധ മാർഗ്ഗങ്ങൾ.

7 (*6) മുല്ലപ്പെരിയാർ ജലസംഭരണിയുടെ പാട്ടക്കാലാവധി

ശ്രീ. എ.കെ.മണി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ;

LIBRARY ARCHIVES Kerala Legislative Assembly

(എ) 28.05.2000-ൽ മുല്ലപ്പെരിയാർ ജലസംഭരണിയുടെ പാട്ടക്കാലാവധി കഴിഞ്ഞുവോ;

(ബി) എങ്കിൽ പുതിയ കരാർ ഉണ്ടാക്കുന്നതിന് സർക്കാർ സ്വീകരിച്ച നടപടികളുടെ വിശദവിവരം വ്യക്തമാക്കുമോ;

(സി) കരാർ പുതുക്കി നിശ്ചയിക്കുന്നതിൽ തമിഴ്നാടിന്റെ ഭാഗത്തു നിന്നുണ്ടായ പ്രതികരണം എന്തെന്ന് വ്യക്തമാക്കുമോ;

(ഡി) ഈ കരാർ പുതുക്കുമ്പോൾ കേരളത്തിനുണ്ടായിട്ടുള്ള ഭൂമിയുടെയും വനത്തിന്റെ പ്രജനനം ഇല്ലായ്മയ്ക്കും ഈ ഭാഗത്ത് സംഭരിക്കാമായിരുന്ന വെള്ളത്തിന്റെ നഷ്ടവും കൂടി കണക്കിലെടുത്ത് പാട്ടത്തുക നിശ്ചയിക്കുവാൻ നടപടിയെടുക്കുമോ?

മുഖ്യമന്ത്രി (ശ്രീ. ഇ.കെ.നായനാർ) :

(എ-ഡി) ഇല്ല, 1970-ൽ മുല്ലപ്പെരിയാർ പാട്ടക്കരാറിൽ വരുത്തിയ ഭേദഗതിക്കരാർ പ്രകാരം പാട്ടത്തുക ഓരോ മുപ്പത് വർഷം കൂടുമ്പോഴും പുതുക്കി നിശ്ചയിക്കാൻ വ്യവസ്ഥയുണ്ട്. അതനുസരിച്ച് 28.05.2000.ൽ പാട്ടത്തുക പുതുക്കാൻ സമയമായി. പെരിയാർ പാട്ടക്കരാറിന്റെ നിയമസാധുത അടക്കമുള്ള നിയമപ്രശ്നങ്ങൾ കൂടി പരിശോധിച്ചിട്ട് മാത്രമേ ഇതിൽ അവസാന തീരുമാനമെടുക്കാനാകൂ.

8 (*7) മലയോര ടൂറിസം വികസനം

ശ്രീ. പി.നാരായണൻ :
ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ :
ശ്രീ. ജോസ് ബേബി :
ശ്രീ. കെ.പി.രാജേന്ദ്രൻ :
ശ്രീ. എം.നാരായണൻ (ഹോസ്ദുർഗ്) : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-വിനോദ-സഞ്ചാര നിയമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മലയോര പ്രദേശങ്ങളെ ഏകോപിപ്പിച്ച് ടൂറിസം വികസനത്തിനുള്ള ഏതെങ്കിലും പദ്ധതി സംസ്ഥാനത്ത് ഇപ്പോൾ നിലവിലുണ്ടോ;

(ബി) ഉണ്ടെങ്കിൽ പ്രസ്തുത പദ്ധതികൾ ഏതെല്ലാം എന്ന് വെളിപ്പെടുത്തുമോ;

(സി) ഇക്കോ ടൂറിസം പദ്ധതിയിൽ എന്തൊക്കെയാണ് വിഭാവനം ചെയ്യുന്നതെന്ന് വെളിപ്പെടുത്തുമോ;

(ഡി) ഈ പദ്ധതി ഇപ്പോൾ ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ?

ഭക്ഷ്യ-വിനോദസഞ്ചാര-നിയമ വകുപ്പുമന്ത്രി (ശ്രീ. ഇ.ചന്ദ്രശേഖരൻ നായർ) :

(എ) ഉണ്ട്.

(ബി) കൊല്ലം ജില്ലയിലെ തെന്മല കേന്ദ്രീകരിച്ച് വനം, ജലസേചനം എന്നീ വകുപ്പുകളുടെ സഹകരണത്തോടുകൂടി 'തെന്മല-ഇക്കോ ടൂറിസം' എന്ന ഒരു പദ്ധതി ടൂറിസം വകുപ്പ് നടപ്പാക്കിവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly